

''റേഡിയോ നെതർലാന്റ്സിൽ പഠിക്കാൻ എത്തിയ ശേഷം ഞാൻ മറ്റൊരു പട്ടണത്തിലേക്ക് പോകുന്നത് ഇതാദ്യമായാണ്, അതും സൈക്കിളിൽ. ഏത് വഴിയിലൂടെ പോയാലാണ് ആംഫുർട്ടിലെത്തുക?''

**രാജുറാഫേൽ**

**സൈക്കിൾ യാത്രകൾ തുടരുന്നു**

# ആംഫുർട്ടിലേക്ക് സൈക്കിളിൽ

**ഏതാണ്ട്** ഒരുമണിയോടെ എല്ലാവരുടെയും പ്രസന്റേഷൻ കഴിഞ്ഞു. ഡാംബറിന്റെ ആയിരുന്നു എന്റെ ഗ്രൂപ്പിലെ അവസാന പ്രസന്റേഷൻ. അത് കഴിയുന്നതിന് മുൻപ് തന്നെ ഞാൻ കാന്റീനിലേക്ക് നടന്നു. കാന്റീനിലെ നടവഴിയിൽ എന്റെ സഹപാഠികൾ കൂട്ടംകൂടി നിന്ന് എന്തോ കാര്യമായി ചർച്ച ചെയ്യുന്നുണ്ട്. മറ്റ് രണ്ട് ഗ്രൂപ്പികളിലായിട്ടായിരുന്നു ഇവരുടെ പ്രസന്റേഷൻ. പലരുടെയും മുഖത്ത് അത്ര തെളിച്ചമില്ല. പ്രസന്റേഷൻ സംബന്ധമായിട്ടായിരിക്കും അവരുടെ ചർച്ചയെന്ന് കരുതി ഞാനും കൂട്ടത്തിൽ കൂടി ചെവി കൂർപ്പിച്ചു. കെനിയക്കാരനായ ബെൻ ആണ് രോക്ഷത്തോടെ സംസാരിക്കുന്നത്. വിഷയം പ്രസന്റേഷനെ സംബന്ധിച്ചുള്ളതല്ല, അതിലും ഗൗരവമായ എന്തോ ആണന്ന് എനിക്ക് മനസ്സിലായി. എന്തോ കാര്യം ബഹിഷ്കരിക്കുന്നതിനെ പറ്റിയാണ് സംസാരം. രണ്ട് മൂന്ന് മിനിറ്റ് അവരുടെ കൂട്ടത്തിൽ നിന്നിട്ടും എനിക്ക് കാര്യമെന്താണെന്ന് മനസ്സിലായില്ല. എന്താണ് വിഷയം എന്ന് ചോദിക്കാൻ ഒരു മടിയും. അപ്പോഴേക്കും ടിനയും ഡാംബറും മുലാത്തുവും കൂടി വരുന്നത് കണ്ട് ഞാൻ അവരുടെ അടുത്തേക്ക് നീങ്ങി. ബെന്നും സംഘവും സംസാരിക്കുന്നത് എന്താണെന്ന് എന്നോടുള്ള ചോദ്യത്തിന് മുലാത്തുവാണ് മറുപടി പറഞ്ഞത്.

രാവിലെ ക്ലാസ്സിലേക്ക് കറിയവർ കണ്ടത് കോന്നി മദാമ്മയുടെ പുതിയ നോട്ടീസ് ആണ്. നാളെ, ശനിയാഴ്ച വൈകുന്നേരം അഞ്ച് മണിക്കാണ് കിച്ചൺ പാർട്ടി. എല്ലാ വിദ്യാർത്ഥികളും നിർബന്ധമായും കിച്ചൺ പാർട്ടിയിൽ പങ്കെടുക്കണം. അതിന് ബെന്നും സംഘവും തയ്യാറല്ല. കാരണം ഹോളണ്ടിലെത്തി ലഭിച്ച ആദ്യ അവധി ദിവസങ്ങളായ ശനിയും ഞായറും പാരീസിൽ ചെലവഴിക്കാൻ തീരുമാനിച്ചിരിക്കുകയാണ് ബെന്നിന്റെ നേതൃത്വത്തിലുള്ള സംഘം. അതിനായി ആംസ്റ്റർഡാമിൽ നിന്ന് പാരീസ്സിലേക്ക് പോകുന്ന ബസ്സിൽ അവർ ടിക്കറ്റും എടുത്തിരിക്കുന്നു. ഇക്കാര്യം പറഞ്ഞ് കിച്ചൺ പാർട്ടി അടുത്ത ആഴ്ചയിലേക്ക് മാറ്റി വെയ്ക്കണം എന്നാവശ്യപ്പെട്ട് അവർ കോന്നി വാൻ വെറ്റത്തെയും കോഴ്സ് കോർഡിനേറ്ററായ അബി ദാരുവല്ലയെയും സമീപിച്ചെങ്കിലും ഫ

ലമുണ്ടായില്ല. പാരീസ് യാത്ര മാറ്റി വെച്ച് കിച്ചൺ പാർട്ടിയിൽ പങ്കെടുത്തില്ലെങ്കിൽ അത് അച്ചടക്ക ലംഘനമായി പരിഗണിക്കും എന്ന് അബി താക്കീത് നൽകുകയും ചെയ്തുവത്രെ. രാവിലെ കാട്ടിൽ വഴിതെറ്റി വൈകിയെത്തിയ ഞാൻ ഇതൊന്നും അറിഞ്ഞിരുന്നില്ല എന്ന് മാത്രം. കിച്ചൺ പാർട്ടി ബഹിഷ്കരിച്ച് പാരീസിൽ പോകുക തന്നെ എന്ന നിലപാടിലാണത്രേ ബെന്നും സംഘവും. പാരീസ്സിൽ പോകാൻ വേണ്ടി ഹോളണ്ടിൽ വന്ന പോലെയാണല്ലോ അവരുടെ പെരുമാറ്റം. അല്ലെങ്കിൽ തന്നെ മൂന്ന്– നാല് മണിക്കൂർ ടെയിനിൽ യാത്ര ചെയ്താൽ പാരിസ്സിൽ എത്തില്ലേ, എപ്പോൾ വേണമെങ്കിലും പോകാമല്ലോ, ഞാൻ പിറുപിറുത്തു. മുലാത്തുവും ടിനയും ഡാംബറും ഒരേ പോലെ ഞാൻ പറഞ്ഞത് ശരിവെച്ചു.

കിച്ചൺ പാർട്ടിയിൽ പങ്കെടുക്കാതിരുന്നാൽ അത് അവർക്ക് വലിയ നഷ്ടമാകും. കുറേക്കാലം കഴിയുമ്പോൾ ഹോളണ്ടിലെ പഠനക്കാലത്തെ ഏറ്റവും സുന്ദരമായ ഓർമ്മ ഒരു പക്ഷെ ഈ അടുക്കളയിലെ ആഘോഷമായിരിക്കും ഡാംബർ പറഞ്ഞു. മുൻപ് ഹോളണ്ടിൽ പഠിച്ചിട്ടുള്ളതു കൊണ്ട് ഡാംബറിന് ഡച്ച് രീതികൾ അറിയാം. വിവിധ രാജ്യങ്ങളിൽ നിന്ന് വന്ന വിദ്യാർത്ഥികൾ എല്ലാവരും ഏതെങ്കിലും ഒരു അധ്യാപകന്റെ വീട്ടിലെ അടുക്കളയിൽ ഒത്തുചേരുന്നതോടെയാണ് കിച്ചൺ പാർട്ടി ആരംഭിക്കുകയെന്ന് ഡാംബർ പറഞ്ഞു. തുടർന്ന് ഓരോരുത്തരും അവരുടെ നാട്ടിലെ ഒരു വിഭവം ആ അടുക്കളയിൽ ഒരുക്കണം. ഇരുപതോ ഇരുപത്തിനാലോ രാജ്യങ്ങളിലെ വിവിധ തരം ഭക്ഷണ സാധനങ്ങളും മദ്യവും. എല്ലാവരും ഒരുമിച്ചിരുന്നു കഴിക്കുന്നു. അത്താഴം കഴിക്കാറാകുമ്പോഴേക്കും മറ്റ് അധ്യാപകരും ആർ.എൻ.ടി.സിയിലെ മാനേജർമാരും എത്തിച്ചേരും. തകർപ്പൻ പാട്ടും ഡാൻസുമായി പാർട്ടി അവസാനിക്കുമ്പോഴേക്കും എല്ലാവരും അടുത്ത പരിചയക്കാരും സുഹൃത്തുക്കളുമായി കഴിഞ്ഞിരിക്കും. കിച്ചൺ പാർട്ടിയുടെ ഉദ്ദേശലക്ഷ്യവും അതു തന്നെ.

സംഗതി കൊള്ളാം എന്ന് തോന്നിയതിനൊപ്പം എന്റെ ഉള്ളു ഒന്നു പിടഞ്ഞു. ദൈവമേ ! ഞാൻ എന്ത് വിവം ഉണ്ടാക്കും ? എന്റെ ആധി അറിയാതെ പുറത്തുവന്നു. വല്ല സാംമ്പാറോ മറ്റോ ഉണ്ടാക്കാനാണെങ്കിൽ പരിപ്പും സാംമ്പാറു പൊടിയുമൊക്കെ എവിടെ കിട്ടാനാണ് ? ഇങ്ങിനെയൊരു പാർട്ടിയെ കുറിച്ച് രാജഗോപാൽ സാർ ഹോളണ്ട് പഠനത്തെ കുറിച്ച് വിവരിച്ചപ്പോഴൊന്നും പറഞ്ഞിട്ടേയില്ലല്ലോ എന്ന് ഞാൻ ഓർത്തു. എന്തായാലും വരുന്നിടത്തു വച്ച് കാണുക തന്നെ. കാന്റീനിലെ കൗണ്ടറിൽ നിന്നും ഭക്ഷണമെടുത്ത് ഞങ്ങൾ തുറന്ന സ്ഥലത്തുള്ള കസേരകളിലേക്ക് നീങ്ങി. വെയിലുള്ളതു കൊണ്ട് പുറത്തിരിക്കാം എന്ന് നിർദ്ദേശം വെച്ചത് ടിനയാണ്. പക്ഷെ പുറത്തെ കസേരകൾ എല്ലാം റേഡിയോ നെതർലാന്റ്സിലെ ജേർണ്ണലിസ്റ്റുകൾ കയ്യേറിയിരുന്നു. സിഗററ്റ് വലിച്ച്, വർത്തമാനമൊക്കെ പറഞ്ഞ്, ആസ്വദിച്ച് , വളരെ പതുക്കെയാണ് അവിടെ ഇരിക്കുന്നവർ ക്ഷണം കഴിക്കുന്നത്. സമീപകാലത്തൊന്നും ഇവിടെ ഇരിപ്പിടം കിട്ടില്ലെന്നും അകത്തെ ഹാളിൽ പോയിരുന്നു കഴിക്കാമെന്നും പറഞ്ഞു ഞങ്ങൾ തിരിഞ്ഞു നടക്കാൻ തുടങ്ങിയതായിരുന്നു. പെട്ടെന്ന് ഒരു മൂലയിൽ നിന്നും വിളി വന്നു–ഹൊയ്, കം ഹിയർ, വീ ആർ ഫിനിഷിങ്ങ്– ആശ്വാസത്തോടെ അവരുടെ അടുത്തേക്ക് ചെന്നു. അവർ ആണും പെണ്ണുമായി ഏഴെട്ടു പേരുണ്ട്, കണ്ടിട്ട് പല രാജ്യങ്ങളിൽ നിന്നുള്ളവരാണെന്ന് തോന്നുന്നു. ഞങ്ങൾ അടുത്ത് എത്തിയതോടെ അവർ എണീറ്റ് കസേരകൾ ഒഴിവാക്കി തന്നു. വളരെ ശ്രദ്ധയോടെ ക്ഷണപാത്രങ്ങളും അവശിഷ്ടങ്ങളും എടുത്തുമാറ്റി , കഴിക്കുന്നത് നല്ല ക്ഷണം ആകട്ടെയെന്ന് ആശംസിച്ച് അവർ നീങ്ങി.

അല്പം കഴിഞ്ഞപ്പോൾ അക്കൂട്ടത്തിലെ ചെറുപ്പക്കാരിയായ ചുരുളൻ മുടിക്കാരി മദാമ്മയും കരീബീയൻ മുഖമുള്ള ഒരു കറുമ്പനും കൂടി തിരിച്ചു വന്നു. വല്ല താക്കോലോ മറ്റോ മറന്ന് വെച്ചത് എടുക്കാനാണ് അവർ വന്നത് എന്നാണ് ഞാൻ കരുതിയത്. പക്ഷെ മദാമ്മക്കുട്ടി ക്ഷമാപണം നടത്തികൊണ്ട് ചോദിച്ചത് ഞങ്ങൾ ആർ.എൻ.ടി.സി.യിലെ വിദ്യാർത്ഥികളാണോ എന്നാണ്. അതെയെന്ന് പറഞ്ഞപ്പോൾ അടുത്ത ചോദ്യം എന്നോടായി. സൈക്കിൾ ഡോക്യുമെന്ററി നിർമ്മാണത്തെ കുറിച്ച് പ്രസന്റേഷൻ നടത്തിയ ഇന്ത്യാക്കാരൻ ഞാൻ തന്നെയല്ലേ എന്നാണ് ചോദ്യം. അതേയെന്ന് ഞാൻ വിക്കി വിക്കി പറഞ്ഞു. എന്തോ ഗുലുമാൽ സംവിച്ചിട്ടുണ്ട് എന്ന് എനിക്ക് തോന്നി. അല്ലാതെ ഈ മദാമ്മ തിരിച്ചുവന്നു ചോദിക്കേണ്ട കാര്യമില്ലല്ലോ. മുക്കിയും മൂളിയുമുള്ള എന്റെ മറുപടി കേട്ടതോടെ മദാമ്മ കൈപൊക്കി മറ്റുള്ളവരെ കൂടി വിളിച്ചു. ബാക്കിയുള്ളവർ ഞങ്ങളുടെ അടുത്ത് എത്തുന്നതിനിടക്ക് മദാമ്മ സ്വയം പരിചയപ്പെടുത്തി. എമ എന്നാണ് പേര്– റേഡിയോ നെതർലാന്റ്സ് വേൾഡ് വൈഡിൽ ഡോക്യുമെന്ററി വിാഗത്തിൽ ജോലിചെയ്യുന്നു. ഡച്ചുകാരി തന്നെയാണ്. കൂടെയുള്ള കറുമ്പൻ വെസ്റ്റ് ഇന്ത്യക്കാരനാണ്. അപ്പോഴേക്കും ബാക്കിയുള്ളവരും എത്തി. എല്ലാവരും സ്വയം പരിചയപ്പെടുത്തി. ഞങ്ങൾ എല്ലാവരും തിരിച്ചും. എന്നിട്ടും കാര്യമെന്താണന്ന് എമ പറയാത്തതുകൊണ്ട് എന്റെ ചങ്കിടിപ്പ് മെല്ലെ ഉയർന്ന് തുടങ്ങി. എന്റെ പരിഭ്രമം കണ്ടിട്ടാകണം ചിരിച്ചുകൊണ്ട് തോളിൽ തട്ടി എമ പറഞ്ഞു. സൈക്കിൾ പ്രസന്റേഷൻ അതി ഗംഭീരമായി എന്ന് പറഞ്ഞു കേട്ടു. നേരിട്ട് കണ്ട് അഭിനന്ദിക്കാം എന്ന് കരുതി. കൂട്ടത്തിൽ ഒരു അപേക്ഷയുണ്ട്, വിരോധമില്ലെങ്കിൽ ഞങ്ങൾക്ക് വേണ്ടി ആ സൈക്കിൾ പ്രസന്റേഷൻ ഒന്ന് കൂടി നടത്തണം. ഞങ്ങളുടെ ഓഫീസ്സിൽ അതിനുള്ള സൗകര്യമുണ്ട്. ഞാൻ സന്തോഷത്തോടെ ആ ക്ഷണം സ്വീകരിച്ചു.

ക്ഷണ ശേഷം ക്ലാസ്സ് റൂമിൽ പോയി ലാപ്ടോപ്പുമെടുത്ത് ഞാനും ടിനയും മുലാത്തുവും ഡാംബറും റേഡിയോ നെതർലാന്റ്സിന്റെ ഡോക്യുമെന്ററി വിാഗത്തിൽപോയി പ്രസന്റേഷൻ ആവർത്തിച്ചു. ഇത്തവണ പകപ്പും പേടിയുമൊന്നുമില്ലാതെ, ഇതുപോലെ മനോഹരമായ എത്രയെത്ര പ്രസന്റേഷനുകൾ നടത്തിയിരിക്കുന്നു എന്നൊരു ആധികാരിക ാവത്തിലായിരുന്നു ഞാൻ സംസാരിച്ചത്. അത് കണ്ട് രാവിലെത്തെ പൂച്ചകുഞ്ഞ് ഇപ്പോൾ പുലിക്കുട്ടിയായല്ലോ എന്ന് മുലാത്തു കളിയാക്കി. എന്തായാലും എമയ്ക്കും കൂട്ടുകാർക്കും സൈക്കിൾ പ്രസന്റേഷൻ നന്നെ രസിച്ചു. ഞാനൊരു ഡച്ചുകാരിയാണ്. മൂന്നാമ

ത്തെ വയസ്സുമുതൽ സൈക്കിൾ ചവിട്ടുന്നു.പക്ഷെ സൈക്കിളും ഞാനുമായുമായി ഇത്ര വലിയ ഹൃദയ ബന്ധം ഉണ്ടെന്ന് ഈ പ്രസന്റേഷൻ കണ്ടപ്പോഴാണ് മനസ്സിലായത്-എമ പകുതി കാര്യമായും പകുതി കളിയായും പറഞ്ഞു. എന്തായാലും യാതൊരു മടിയും കൂടാതെ പ്രസന്റേഷൻ അവർക്ക് വേണ്ടി ആവർത്തിച്ചതു കൊണ്ട് ഗുണമുണ്ടായി. എമയുടെ സംഘത്തിലെ ഒരാൾ രണ്ട് മാസത്തെ ആഫ്രിക്കൻ പര്യടനത്തിന് പോയിരിക്കുകയാണ്. അദ്ദേഹത്തിന്റെ സൈക്കിൾ അദ്ദേഹം തിരിച്ചു വരുന്നതു വരെ എനിക്ക് ഉപയോഗിക്കാം.സമ്മതാവത്തിൽ ഞാൻ സന്തോഷത്തോടെ തലയാട്ടി. അതു കണ്ടപ്പോൾ വൈകുന്നേരം എനിക്ക് ഹോസ്റ്റലിൽ ആ സൈക്കിൾ എത്തിച്ചു തരാൻ എമ കൂട്ടത്തിലൊരുത്തനെ ശട്ടം കെട്ടി.

അവരോട് യാത്ര പറഞ്ഞ് തിരക്കിട്ട് ക്ലാസ്സുമുറിയിലേക്ക് നടക്കുമ്പോൾ ടിന പറഞ്ഞു. അത് ഏതായാലും നന്നായി. ഈ ഹോളണ്ട് മുഴുവൻ സൈക്കിളിൽ കറങ്ങാൻ ഒരു കൂട്ടില്ലാതിരിക്കുകയായിരുന്നു ഞാൻ. പക്ഷെ , സൈക്കിൾ വിരോധിയായ ഡാംബറിന് ഇതൊന്നും തീരെ രസിച്ചിട്ടില്ലെന്ന് അവന്റെ മുഖഭാവത്തിൽ നിന്ന് എനിക്ക് തോന്നി.



**റേഡിയോ നെതർലാന്റ്സിനെ സംബന്ധിച്ചിടത്തോളം കിച്ചൺ പാർട്ടി വളരെ പ്രധാനപ്പെട്ടതാണ്. അതിൽ നിന്ന് വിട്ടു നിൽക്കുകയോ നിസ്സഹകരിക്കുകയോ ചെയ്യുന്നത് ഗുരുതരമായ അച്ചടക്ക ലംഘനമായി കണക്കാക്കും എന്ന് പറഞ്ഞു കൊണ്ട് പെട്ര ആംഫുർട്ട് എന്ന നഗരത്തിൽ താമസിക്കുന്ന ബർണാഡ് വാൻജിക്ക് എന്ന അധ്യാപികയുടെ വീട്ടിലാണ് കിച്ചൺ പാർട്ടി എന്നറിയിച്ചു. അവരവരുടെ രാജ്യത്തെ ഏത് വിഭവം ആണ് ഉണ്ടാക്കിയത് എന്നും എന്താണ് അതിന്റെ പ്രത്യേകതയെന്നും വിവരിച്ചു കൊണ്ട് വേണം വിളമ്പാൻ എന്നും പെട്ര പറഞ്ഞു**

ക്ളാസ്സിൽ എല്ലാവരും ഹാജരുണ്ട്. പതിവുപോലെ വൈകിയെത്തിയ ഞങ്ങളോട് നിങ്ങൾ എപ്പോഴും വൈകിയേ വരൂ എന്ന വാശിയിലാണോഎന്ന് ശുണ്ഠിയെടുത്തു കോഴ്സ് കോർഡിനേറ്റർ അബി. അബിയുടെ കൂട്ടത്തിൽ ആർ. എൻ. ടി. സിയിലെ ഡെപ്യൂട്ടി ജനറൽ മാനേജരായ പെട്ര ഡി നൈറ്റ് എന്ന മദാമ്മയുണ്ട്. നാളത്തെ കിച്ചൺ പാർട്ടി സംബന്ധിച്ച അറിയിപ്പുകൾ നടത്താനാണ് പെട്ര വന്നിരിക്കുന്നത്.

റേഡിയോ നെതർലാന്റ് സിനെ സംബന്ധിച്ചിടത്തോളം കിച്ചൺ പാർട്ടി വളരെ പ്രധാനപ്പെട്ടതാണ്. അതിൽ നിന്ന് വിട്ടു നിൽക്കുകയോ നിസ്സഹകരിക്കുകയോ ചെയ്യുന്നത് ഗുരുതരമായ അച്ചടക്ക ലംഘനമായി കണക്കാക്കും എന്ന് പറഞ്ഞു കൊണ്ട് പെട്ര ആംഫുർട്ട് എന്ന നഗരത്തിൽ താമസിക്കുന്ന ബർണാഡ് വാൻജിക്ക് എന്ന അധ്യാപികയുടെ വീട്ടിലാണ് കിച്ചൺ പാർട്ടി എന്നറിയിച്ചു. അവരവരുടെ രാജ്യത്തെ ഏത് വിഭവം ആണ് ഉണ്ടാക്കിയത് എന്നും എന്താണ് അതിന്റെ പ്രത്യേകതയെന്നും വിവരിച്ചു കൊണ്ട് വേണം വിളംമ്പാൻ എന്നും പെട്ര പറഞ്ഞു. വിഭവങ്ങൾ തയ്യാറാക്കാനായി അവശ്യമുള്ള പ്രത്യേക ചേരുവകൾ ലിസ്റ്റ് നൽകുകയാണെങ്കിൽ, അത് ആംസ്റ്റർഡാമിലോ ഹിൽവർസമിലോ ലഭിക്കുമെങ്കിൽ പെട്ര തന്നെ വാങ്ങി നാലുമണിയാകുമ്പോഴേക്കും ആംഫുർട്ടിലുള്ള ബെർണാഡിന്റെ വീട്ടിലെത്തുമെന്നും പറഞ്ഞു കേട്ടതോടെ എനിക്ക് ആശ്വാസമായി. സാമ്പാർ പരിപ്പും വെണ്ടക്കയും തക്കാളിയും ഉൾപ്പെടെ എനിക്ക് ഓർമ്മയുള്ള സാമ്പാർ ചേരുവകളുടെ ഒരു ലിസ്റ്റ്



ഞാൻ അപ്പോൾ തന്നെ പെട്രക്ക് കൈമാറി.

പെട്ര പോയി രണ്ട് മിനിറ്റു കഴിഞ്ഞപ്പോഴേക്കും കോനി മദാമ്മയെത്തി എല്ലാവർക്കും ബുസ്സും സ്യൂദ് സ്റ്റേഷനിൽ നിന്ന് ആംഫൂർട്ടിലേക്കും തിരിച്ചുമുള്ള ട്രെയിൻ ടിക്കറ്റും ബർണാഡിന്റെ വീട്ടിലേക്കുള്ള വഴി രേഖപ്പെടുത്തിയ മാപ്പും നൽകി. പിന്നീട് കാര്യമായ ക്ളാസ്സൊന്നും നടന്നില്ല. ഹോസ്റ്റലിൽ തിരിച്ചെത്തിയപ്പോൾ എന്നെ കാത്ത് എമ ഏർപ്പാട് ചെയ്ത സൈക്കിൾ ഇരിപ്പുണ്ട്. ലേഡീസ് സൈക്കിളിന്റെ പോലെ തോന്നിപ്പിക്കുന്ന ഒരു 24 ഇഞ്ച് ചക്ര വലിപ്പമുള്ള സൈക്കിൾ. പക്ഷെ നടുവിൽ തണ്ട് ഉണ്ട്. അല്പം സ്ത്രൈണഭാവം ഉണ്ടന്നേ ഉള്ളൂ. ആൺ സൈക്കിൾ തന്നെയാണ്. ഓടിപ്പോയി റൂമിൽ ബാഗ് കൊണ്ട് വെച്ച് സൈക്കിളുമെടുത്ത് കറങ്ങാനിറങ്ങി. പ്രത്യേക ലക്ഷ്യമൊന്നും ഇല്ലാതെ സൈക്കിൾ ചവുട്ടിയെത്തിയത് ബുസ്സും ഗ്രാമത്തിന്റെ സെന്ററത്തിലേക്ക് (ഗ്രാമ ഹൃദയം) ആണ്. എന്നാൽ കടകളൊക്കെ അടഞ്ഞ് കിടക്കുന്നു. പതിവ് പോലെ അഞ്ച് മണിക്ക് തന്നെ കടകളെല്ലാം അടച്ചിരിക്കുന്നു. വ്യാഴാഴ്ച മാത്രമേ ബുസ്സും ഗ്രാമത്തിലെ കടകൾ എട്ട് മണി വരെ പ്രവർത്തിക്കൂ. വെള്ളിയാഴ്ച ദിവസം ഹിൽവർസം പട്ടണത്തിൽ എട്ട് മണി വരെ കടകൾ തുറന്നിരിക്കും എന്ന് പെട്ടെന്ന് ഓർമ്മ വന്നു. പ്രത്യേകിച്ച് ഒന്നും വാങ്ങാനില്ലെങ്കിലും നേരെ ഹിൽവർസമിലേക്ക് സൈക്കിൾ ആഞ്ഞു ചവുട്ടി.

ഹിൽവർസമിലെത്തിയപ്പോൾ മൊത്തം ആർ. എൻ.ടി.സി. സംഘം അവിടെയുണ്ട്. ഒരു ലേഡീസ് സ്റ്റോറിന്റെ കവാടത്തിൽ സൈക്കിൾ ചാരിവെച്ച് ടിന നിന്ന് ചുരുട്ട് വലിക്കുന്നുണ്ട്. തിരിച്ച് ബുസ്സുമിലേക്ക് സൈക്കിൾ ചവിട്ടുന്നതിന് ഇടയിൽ ടിനയാണ് പറഞ്ഞത് നാളത്തെ കിച്ചൺ പാർട്ടിക്ക് ആംഫുർട്ടിലേക്ക് സൈക്കിളിൽ പോകാം എന്ന്. രാവിലെ അവളുടെ കുറെ ചങ്ങാതിമാർ ബ്രസ്സൽസിൽ നിന്ന് ആംസ്റ്റർഡാമിൽ വരുന്നുണ്ട്, അവരെ കണ്ട ശേഷം ഉച്ചയോടെ തിരിച്ചുവന്ന്, രണ്ട് മണിയോടെ ഇരുപത്തിയഞ്ച് കിലോമീറ്റർ അകലെയുള്ള ആംഫുർട്ടിലേക്കുള്ള സൈക്കിൾ യാത്ര തുടങ്ങാം എന്നാണ് ധാരണ.

ശനിയാഴ്ച നേരം പുലർന്നപ്പോൾ തന്നെ ഡാംബറും സംഘവും ആംസ്റ്റർഡാമിലേക്ക് ട്രെയിനിൽ പോയി. അവിടെ നിന്ന് ആംഫുർട്ടിലെ കിച്ചൺ പാർട്ടിക്ക് വരാനാണ് അവരുടെ പദ്ധതി. അതിന് മുൻപ് തന്നെ ബെന്നും സംഘവും കിച്ചൺ പാർട്ടി ബഹിഷ്കരിച്ച് പാരിസിലേക്ക് പുറപ്പെട്ടിരുന്നു. ആകെ ഹോസ്റ്റലിൽ അവശേഷിക്കുന്നത് ഞാനും എന്റെ സൈക്കിളും മാത്രം.

മറ്റൊന്നും ചെയ്യാനില്ലാത്തതു കൊണ്ട് സൈക്കിളുമെടുത്ത് കാട്ടിലൂടെ ഞാൻ ഹിൽവർസമിലേക്ക് പുറപ്പെട്ടു. വഴിയിലെവിടെയെങ്കിലും ഇന്നലത്തെ വഴികാട്ടിയായ ഗ്രാമീണ പെൺകുട്ടിയെ കണ്ടുമുട്ടുമെന്ന് കരുതി. അതുണ്ടായില്ല. പക്ഷെ കാട് കുറച്ചുകൂടി പരിചിതമായി തോന്നി. കാട്ടിൽ സൈക്കിളിൽ കറങ്ങി മടുത്തപ്പോൾ പട്ടണത്തിലേക്ക് നീങ്ങി. ശനിയാഴ്ച ചന്ത ദിവസമായതു കൊണ്ട് പട്ടണത്തിൽ നല്ല തിരക്കുണ്ട്. ഉച്ച വരെ ചന്തയിൽ അലഞ്ഞു. സൈക്കിൾ ഉരുട്ടി ചന്തയിലെ തിരക്കിലൂടെ നടക്കുന്നത് രസമുള്ള അനുവമായി. എത്രയോ നാളായി ഇവിടെ ജീവിക്കുന്ന ഒരാൾ എന്ന പ്രതീതി ഈ സൈക്കിൾ എനിക്ക് നൽകിയിരിക്കണം! എന്റെ ഏഷ്യൻ രൂപത്തെ വകവെക്കാതെ മൂന്ന് നാല് പേർ എന്നോട് ഡച്ചിൽ സംസാരിക്കാൻ വന്നു. നാലഞ്ച് പേർ എന്നോട് വഴി ചോദിക്കുകയും ചെയ്തു.

ഒരു മണിയോടെ ഹോസ്റ്റലിൽ തിരിച്ചെത്തി സൈക്കിളിൽ ആംഫുർട്ടിലേക്ക് പോകാൻ തയ്യാറായി. രണ്ടു മണിയോടെ പുറപ്പെടാം എന്ന ധാരണ മുന്നോട്ട് വെച്ച ടിനയെ രണ്ടരയായിട്ടും കണ്ടില്ല. മൊബൈൽ ഫോണാണെങ്കിൽ ഓഫ് ചെയ്തിരിക്കുന്നു. ടിനയില്ലെങ്കിലും സൈക്കിൾ യാത്ര ഉപേക്ഷിക്കേണ്ട എന്ന് വിചാരിച്ചു യാത്ര പുറപ്പെട്ടു. റേഡിയോ നെതർലാന്റ്സിൽ പഠിക്കാൻ എത്തിയ ശേഷം ഞാൻ മറ്റൊരു പട്ടണത്തിലേക്ക് പോകുന്നത് ഇതാദ്യമായാണ്. അതും സൈക്കിളിൽ. ഏത് വഴിയിലൂടെ പോയാലാണ് ആംഫുർട്ടിലെത്തുക ? ആ വലിയ പട്ടണത്തിൽ എങ്ങിനെ ബർണാഡിന്റെ വീട് കണ്ടുപിടിക്കും -ഇതൊന്നും അറിയില്ല. കോനി വാൻ വെറ്റം തന്നിരിക്കുന്ന മാപ്പ് പ്രകാരം ബുസ്സുമിന്റെ കിഴക്ക് ദിശയിലാണ് ആംഫുർട്ട്. അതുകൊണ്ട് കിഴക്കോട്ട് പോകുന്ന റോഡിനോട് ചേർന്നുള്ള സൈക്കിൾ പാതയിലൂടെ ഞാൻ സൈക്കിൾ ആഞ്ഞു ചവുട്ടി. *(തുടരും)*